*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshvj@gmail.com

216th Issue - Volume 5, **ജാഗ്രത** 23rd December 2011

" അത്യുന്നതങ്ങളിൽ ദൈവത്തിനു ദൈവത്തനു മഹത്വം! ഭൂമയിൽ ദൈവ കൃപ ലഭിച്ചവർക്കു സമാധാനം. "

(മത്തായി 1, 14)



BABY OF JESUS

## പ്രധാനവാർത്തകൾ

മനുഷ്യഹൃദയങ്ങൾകരുണാർദ്രമാകണം: ബിഷപ് ഡോ.സ്റ്റാൻലി റോമൻ

ലത്തീൻസമുദായത്തിന്റെ ഉന്നമനത്തിന് നിസ്വാർഥരായ നേതാക്കൾ ഉണ്ടാകണമെന്ന് ആർച്ച്ബിഷപ്സൂസപാക്യം

ദൈവത്തിന്റെ മക്കളെന്ന നിലയിൽ എല്ലാവരും സഹോദരങ്ങളെന്ന് മാർ തോമസ് ചക്യത്ത്

ദേവാലയസംഗീതം ദൈവാരാധനയുടെ ആത്മാവ്: മാർ ആൻഡ്രൂസ് താഴത്ത്

മുല്ലപ്പെരിയാർവിഷയത്തിൽസമാധാനപരമായ തീരുമാനമുണ്ടാകണം: മാർസെബാസ്റ്റ്യൻ എടയന്ത്രത്ത്

സംസ്ഥാനങ്ങൾതമ്മിൽഭിന്നതയുണ്ടാകാൻ പാടില്ല മാർ ജോസഫ് പെരുന്തോട്ടം

പരിശീലനത്തിൽ സഭൈക്യപ്രവർത്തനങ്ങൾ നിർണായകം: മാർ ജോർജ്ആലഞ്ചേരി

നല്ലമാതൃകകൾ യുവതലമുറ ജീവിതത്തിൽ പകർത്തണമെന്നു മാർ ജേക്കബ് തൂങ്കുഴി

---

## ജാഗ്രതാ വാർത്ത

അറിയാതെയെത്തും പ്രോസ്റ്റേറ്റ് കാൻസർ

## ചരിത്ര ജാഗ്രത

സഹാഗണിലെ വിശുദ്ധ ജോൺ

## വാരാന്ത്യവീക്ഷണം

ചരിത്രത്തിൽ ഇടപെടുന്ന ദൈവം

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Josey Ponnambal MSFS

## മനുഷ്യഹൃദയങ്ങൾ കരുണാർദ്രമാകണം: ബിഷപ് ഡോ.സ്റ്റാൻലി റോമൻ



ക്രിസ്മസ് ആഘോഷങ്ങൾ അർഥവത്താകണമെങ്കിൽ മനുഷ്യഹൃദയങ്ങൾ കരുണാർദ്രമാകണമെന്ന് കൊല്ലം ബിഷപ് ഡോ.സ്റ്റാൻലി റോമൻ. കുണ്ടറയിൽ ഇന്നലെ നടന്ന സംയുക്ത ക്രിസ്മസ് റാലിയിൽ ക്രിസ്മസ് സന്ദേശം നൽകുകയായിരുന്നു ബിഷപ്. പ്രവൃത്തിയില്ലാത്ത ജീവിതം നിർജീവമാണ്. വാണിജ്യവത്കരിക്കപ്പെട്ട ഒരു ആഘോഷമായി ക്രിസ്മസ് മാറിക്കഴിഞ്ഞിരിക്കുന്നു. ആഘോഷം പൂർണമാകണമെങ്കിൽ നമ്മോടുതന്നെ തിരിഞ്ഞ് നാം ദുഃഖിതർക്കും പീഡിതർക്കും വേണ്ടി എന്തു ചെയ്തുവെന്ന് പരിശോധിക്കണമെന്നും ബിഷപ് പറഞ്ഞു.

## ലത്തീൻ സമുദായത്തിന്റെ ഉന്നമനത്തിന് നിസ്വാർഥരായ നേതാക്കൾ ഉണ്ടാകണമെന്ന് ആർച്ച് ബിഷപ് സൂസപാക്യം




ലത്തീൻ സമുദായത്തെ നയിക്കാൻ അത്മായർ മുന്നോട്ടുവരണമെന്നും നിസ്വാർഥരും സ്ഥാനമോഹികളുമല്ലാത്ത, സമർപ്പണബോധമുള്ള നേതാക്കൾക്കേ സമുദായത്തിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കാൻ കഴിയൂ എന്നും തിരുവനന്തപുരം ലത്തീൻ അതിരൂപതാ ആർച്ച്ബിഷപ് ഡോ. എം. സൂസപാക്യം. കെഎൽസിഎ തിരുവനന്തപുരം ആനിമേഷൻ സെന്ററിൽ സംഘടിപ്പിച്ച ലത്തീൻ സമുദായ പ്രതിനിധി സമ്മേളനം ഉദ്ഘാടനംചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആരോഗ്യപ്രശ്നങ്ങൾ ഗ്രാമങ്ങളിൽ രൂക്ഷമാണ്. സമുദായത്തിൽ വാസയോഗ്യമായ വീടുകളോ സ്ഥലമോ സ്വന്തമായി ഇല്ലാത്തവർ 25 ശതമാനത്തോളം വരും. 65 ശതമാനത്തിന് എഴുതാനും വായിക്കാനും അറിയാമെങ്കിലും മറ്റു സമുദായങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ സമുദായം പിന്നിൽ തന്നെയാണ്. 1.7 ശതമാനം മാത്രമാണ് ഉപരിപഠനം നടത്തുന്നത്. 80 ശതമാനം കുടുംബങ്ങളും കടക്കെണിയിലാണ്. മത്സ്യവിപണനംപോലും അന്യമായിക്കൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ലത്തീൻ കത്തോലിക്കർ സംസ്ഥാന ജനസംഖ്യയുടെ എട്ടുശതമാനം വരുമെങ്കിലും അർഹിക്കുന്ന പങ്കും പദവിയും സമുദായത്തിന് ലഭിച്ചിട്ടില്ല, ലഭിക്കുന്നുമില്ല. അവശതകൾ അവശതകളായി തന്നെ അവശേഷിക്കുന്നു. മറ്റെല്ലാ സമുദായങ്ങളും വോട്ടുബാങ്കായി ഒന്നിച്ചുനിന്ന് അവകാശങ്ങൾ പിടിച്ചെടുക്കുമ്പോൾ ലത്തീൻ സമുദായത്തിന് അതിനു കഴിയുന്നില്ല. പല പാർട്ടികളിൽ പ്രവർത്തിക്കുമ്പോഴും സമുദായത്തിന്റെ ആവശ്യം വരുമ്പോൾ ഒന്നിച്ചു നിൽക്കാത്തതാണ് ഇതിനു കാരണം. പാർട്ടികളേക്കാൾ സമുദായത്തിനാണ് മുൻഗണന നൽകേണ്ടത്. സമുദായത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ശക്തമായി ഉണർന്നെഴുന്നേൽക്കണം. ഒരുമിച്ചു നിൽക്കണം. അല്ലെങ്കിൽ അവഗണിക്കപ്പെടുക തന്നെ ചെയ്യും, അവശത എന്നും നിലനിൽക്കും. പാർട്ടികൾ അധികം താമസിയാതെ സമുദായത്തന്റെ വില തിരിച്ചറിയുമെന്നും അദ്ദേഹം പറഞ്ഞു.

## ദൈവത്തിന്റെ മക്കളെന്ന നിലയിൽ എല്ലാവരും സഹോദരങ്ങളെന്ന് മാർ തോമസ് ചക്യത്ത്



ദൈവത്തിന്റെ മക്കളെന്ന നിലയിൽ നാമെല്ലാവരും സഹോദരങ്ങളാണെന്നും സ്നേഹത്തിന്റെ കല്പന പഠിപ്പിക്കാനാണ് ദൈവം അവതരിച്ചതെന്നും എറണാകുളം-അങ്കമാലി അതിരൂപത സഹായ മെത്രാൻ മാർ തോമസ് ചക്യത്ത്. കെസിവൈഎം സൗത്ത് സോണിന്റെ ആഭിമുഖ്യത്തിൽ ചേർത്തലയിൽ സംഘടിപ്പിച്ച ക്രിസ് ഫെസ്റ്റ് 2011ൽ ക്രിസ്തുമസ് സന്ദേശം നൽകുകയായിരുന്നു മാർ തോമസ് ചക്യത്ത്. മനുഷ്യൻ ഇപ്പോൾ പ്രലോഭനങ്ങളിൽപ്പെട്ട് നാശത്തിലേക്ക് പോകുകയാണ്. ഈ പ്രലോഭനങ്ങളിൽ നിന്നും മനുഷ്യരെ രക്ഷിക്കാൻ കൂടിയാണ് ദൈവം മനുഷ്യനായി ജനിച്ചതെന്നും അദ്ദേഹം പറഞ്ഞു.

## ദേവാലയസംഗീതം ദൈവാരാധനയുടെ ആത്മാവ്: മാർ ആൻഡ്രൂസ് താഴത്ത്



ദേവാലയസംഗീതം ദൈവാരാധനയുടെ ആത്മാവാണെന്ന് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. സെന്റ് തോമസ് കോളജ് മെഡ്‌ലിക്കോട്ട് ഹാളിൽ അതിരൂപത ഗായകസംഘത്തിന്റെ ജനറൽ ബോഡിയോഗം ഉദ്ഘാടനം ചെയത് പ്രസംഗിക്കുകയായിരുന്നു മാർ താഴത്ത്.

## മുല്ലപ്പെരിയാര്‍ വിഷയത്തില്‍ സമാധാനപരമായ തീരുമാനമുണ്ടാകണം: മാര്‍ സെബാസ്റ്റ്യന്‍ എടയന്ത്രത്ത്



പുതുപ്പിറവി വര്‍ഷം ശാന്തിയുടെയും സമാധാനത്തിന്റേയും വര്‍ഷമാകാന്‍ മുല്ലപ്പെരിയാര്‍ വിഷയത്തില്‍ സമാധനാപരമായ തീരുമാനം ഉണ്ടാകണമെന്ന് എറണാകു ളം അങ്കമാലി-അതിരൂപത സഹായമെത്രാന്‍ മാര്‍ സെബാസ്റ്റ്യന്‍ എടയന്ത്രത്ത്. കുഴുപ്പിള്ളി സെന്റ് അഗസ്റ്റിന്‍സ് പള്ളിയില്‍ പുതുതായി നിര്‍മിച്ച പാരീഷ് ഹാളിന്റെ ആശീര്‍വാദ കര്‍മത്തെതുടര്‍ന്ന് നടന്ന സമ്മേളനത്തില്‍ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതര മതവിഭാഗങ്ങളോട് യോജിച്ച് യേശുവിന്റെ വഴിയില്‍ ഏകോദര സഹോദരങ്ങളെപ്പോലെ ജീവിച്ച് സമാധാനവും ശാന്തിയും നിലനിര്‍ത്തണമെന്ന് ബിഷപ് ആവശ്യപ്പെട്ടു.

## സംസ്ഥാനങ്ങള്‍ തമ്മില്‍ ഭിന്നതയുണ്ടാകാന്‍ പാടില്ല: മാര്‍ ജോസഫ് പെരുന്തോട്ടം



മുല്ലപ്പെരിയാര്‍ വിഷയത്തില്‍ കേരള ജനത നേരിടുന്ന വലിയ പ്രശ്ന പരിഹാരത്തിനായി പ്രാര്‍ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യണമെന്ന് ആര്‍ച്ച് ബിഷപ് മാര്‍ ജോസഫ് പെരുന്തോട്ടം. ഇക്കാര്യത്തിന്റെ പേരില്‍ ഇരു സംസ്ഥാനങ്ങള്‍ തമ്മില്‍ ഒരിക്കലും ഭിന്നതയുണ്ടാവാന്‍ പാടില്ലെന്നും അധികാരികള്‍ പൊതു നന്മയ്ക്കു വേണ്ടി പ്രവര്‍ത്തിക്കാന്‍ തയ്യാറാകണമെന്നും ആര്‍ച്ചുബിഷപ് പറഞ്ഞു. മുല്ലപ്പെരിയാര്‍ പ്രശ്നം സമാധാനപരമായി പരിഹരിക്കപ്പെടുന്നതിനു വേണ്ടി സന്യാസ സഭകളുടെ കൂട്ടായ്മയായ സി.ആര്‍.ഐ (കോണ്‍ഫറന്‍സ് ഓഫ് റിലീജിയസ്, ഇന്‍ഡ്യ) ചങ്ങനാശേരി യൂണിറ്റിന്റെ ആഭിമുഖ്യത്തില്‍ പാറേല്‍പള്ളിയില്‍ നടന്ന ഉപവാസ പ്രാര്‍ത്ഥനയില്‍ സന്ദേശം നല്‍കുകയായിരുന്നു ആര്‍ച്ചുബിഷപ്പ്.

## പൗരോഹിത്യ പരിശീലനത്തില്‍ സഭൈക്യ പ്രവര്‍ത്തനങ്ങള്‍ നിര്‍ണായകം: മാര്‍ ജോര്‍ജ്ആലഞ്ചേരി



ക്രൈസ്തവ സഭയുടെ പൗരോഹിത്യ പരിശീലനവേദിയില്‍ സഭൈക്യ പ്രവര്‍ത്തനങ്ങള്‍ നിര്‍ണായക സ്ഥാനം വഹിക്കുന്നുവെന്നു സീറോ മലബാര്‍ സഭാ മേജര്‍ ആര്‍ച്ച്ബിഷപ് മാര്‍ ജോര്‍ജ് ആലഞ്ചേരി. വടവാതൂര്‍ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ സുവര്‍ണജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് നടന്ന മാര്‍ത്തോമ്മാ നസ്രാണി സഭാ സമൂഹങ്ങളുടെ സംയുക്തസമ്മേളനത്തില്‍ അനുഗ്രഹ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വിവിധ കാലങ്ങളില്‍ സഭയുടെ ഐക്യത്തിനായി പലരും ശ്രമിച്ചിട്ടുണ്ട്. തന്റെ മുന്‍ഗാമിയായിരുന്ന കര്‍ദിനാള്‍ മാര്‍ വര്‍ക്കി വിതയത്തില്‍ ഇക്കാര്യത്തിനായി വളരെയധികം പരിശ്രമിച്ചു. സഭകള്‍ സ്വയം ശുദ്ധീകരണം നടത്തിയാല്‍ മാത്രമേ ഐക്യത്തിനായി മറ്റുള്ളവരിലേക്കു തിരിയാന്‍ സാധിക്കൂ. അദ്ദേഹം കൂട്ടിച്ചേര്‍ത്തു.

## പ്രായമായവരുടെ നല്ല മാതൃകകള്‍ യുവതലമുറ ജീവിതത്തില്‍ പകര്‍ത്തണമെന്നു മാര്‍ ജേക്കബ് തൂങ്കുഴി



പ്രായമായവര്‍ കാണിച്ചുതന്ന നല്ല മാതൃകകളും അവരുടെ അനുഭവങ്ങളും യുവതലമുറ ജീവിതത്തില്‍ പകര്‍ത്തുന്നത് ഭാവിജീവിതം ശോഭനമാക്കുമെന്നതിനും നല്ല സമൂഹം കെട്ടിപ്പടുക്കുന്നതിനും സഹായകമാകുമെന്നും ആര്‍ച്ച്ബിഷപ് എമരിറ്റസ് മാര്‍ ജേക്കബ് തൂങ്കുഴി. സെന്റ് വിന്‍സെന്റ് ഡിപോള്‍ സംഘം ഒല്ലൂര്‍, പനംകുറ്റിച്ചിറ കോണ്‍ഫറന്‍സുകള്‍ സംഘടിപ്പിച്ച ഇടവക സീനിയേഴ്സ്ഡേ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ആര്‍ച്ച്ബിഷപ്.

## അറിയാതെയെത്തും പ്രോസ്റ്റേറ്റ് കാൻസർ

തുടക്കത്തിലേ കണ്ടെത്തി ചികിത്സിച്ചില്ലെങ്കിൽ അത്യപകടകാരിയാണ് കാൻസർ. ലോകത്ത് മൂന്നു ശതമാനം പുരുഷന്മാർ പ്രോസ്റ്റേറ്റ് കാൻസർ ബാധിതരാണെന്നു കണക്കുകൾ പറയുന്നു. മൂത്രസഞ്ചിക്ക് തൊട്ടുതാഴെ അടിവയറ്റിലായി മൂത്രനാളിയെ ചുറ്റിയിരിക്കുന്ന ഗ്രന്ഥിയാണ് പ്രോസ്റ്റേറ്റ് . സ്ത്രീകളിൽ ഈ ഗ്രന്ഥി ഇല്ല. 50 വയസ്സിനു മുകളിലുള്ളവരിൽ പ്രോസ്റ്റേറ്റ് കാൻസർ പിടിപെടാൻ 30% സാധ്യത കുടുതലാണ് ജനിതക തകരാറാണ് മുഖ്യകാരണം. രോഗം തീവ്രമായി വളർച്ച പ്രാപിച്ചതിനു ശേഷമാണ് കണ്ടുപിടിക്കയെന്നതാണ് ഏറെ പ്രശ്നങ്ങൾ സ്യഷ്ടിക്കുന്നത്. ഭക്ഷണത്തിലെ കൊഴുപ്പിന്റെ അളവും ഈ രോഗവുമായി നേരിട്ടുള്ള ബന്ധമുണ്ട്. കൊഴുപ്പു കൂടുതലുള്ള ഭക്ഷണം രോഗസാധ്യത ഏറ്റുന്നു.

രണ്ടുതരത്തിലുള്ള കാൻസർ ഉണ്ട്

1. ബാഹ്യലക്ഷണങ്ങൾ ഇല്ലാത്തതും പുറമേ പ്രകടമാകാത്തതും. രോഗം മൂർച്ഛിച്ച അവസ്ഥയിലാണ് ഇതു കണ്ടെത്താനാവുക.

2. ബാഹ്യലക്ഷണങ്ങൾ ഉള്ളത്. ഇത് പെട്ടെന്നു കണ്ടുപിടിക്കാനാവും. രോഗം മൂർച്ഛിച്ചാൽ ശക്തമായ വേദനയും കാലുകൾക്കു നീരും അനുഭവപ്പെടും. തുടർന്നു നട്ടെല്ലിലേക്കു വ്യാപിക്കുകയും അരയ്ക്കു കീഴ്ഭാഗം തളർന്നുപോകുകയും ചെയ്യും.

പ്രധാനമായും പ്രോസ്റ്റേറ്റ് കാൻസർബാധയുടെ ലക്ഷണങ്ങൾ ഇവയാണ്.

1. മൂത്രതടസ്സം.
2. മൂത്രത്തിൽ രക്തം.
3. വൃക്കകളുടെ പ്രവർത്തനത്തിനുതടസ്സമുണ്ടായി മൂത്രസഞ്ചിയിലേക്കുള്ള കാൻസർ പകരൽ.
4. ഇടുപ്പെല്ലിനും തുടയെല്ലിനും അതിശക്തമായ വേദന.
5. നട്ടെല്ലിനു കാൻസർ ബാധിച്ചാൽ കാലുകൾ തളർന്നു പോകും.
6. കാലുകളിൽ വിട്ടുമാറാത്ത നീര്.
7. ശരീരമാസകലവും നട്ടെല്ലിലേക്കു ബാധിച്ചാൽ നട്ടെല്ലിനും ശക്തമായ വേദന.

കാൻസർ ബാധിച്ചാൽ പ്രാസ്റ്റേറ്റ് ഗ്രന്ഥി നീക്കം ചെയ്യുകയേ രക്ഷയുള്ളൂ. വയർ തുറന്ന് ഓപ്പറേഷൻ വഴി ചികിത്സിക്കാം. ഇതാണ് സാധാരണയായ് ചെയ്യുന്നത്. രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള മറ്റൊരു മാർഗമാണ് റാഡിക്കൽ പ്രോസ്റ്റേറ്റ് ടെക്ടനമി (ആർപിറ്റി). താക്കോൽ ദ്വാര ശസ്ത്രക്രിയവഴി (കീ ഹോൾ) ചികിത്സിച്ചു മാറ്റാവുന്ന രീതിയാണിത്.

ഇന്ത്യയിൽ ചുരുക്കം ചില ആശുപത്രികളിലേ ഇതുള്ളൂ. ചെറിയ ദ്വാരത്തിലൂടെ അടിവയറ്റിലൂടെ കാൻസർ ഉള്ള ഗ്രന്ഥി പൂർണ്ണമായും മാറ്റി മൂത്രസഞ്ചിയെ മൂത്രനാളിയുമായി ഘടിപ്പിക്കാം. രോഗിക്ക് ഒന്നു രണ്ടു ദിവസത്തിനകം ആശുപത്രിവിടാൻ കഴിയും. രക്തനഷ്ടം വളരെ കുറവാണ്. സൂക്ഷമമായി മൂത്രസഞ്ചിയും മുത്രനാളിയുമായി ഘടിപ്പിക്കുന്നു. ഓപ്പൺ ഓപ്പറേഷനുമായി താരതമ്യം ചെയ്യുമ്പോൾ പാർശ്വഫലങ്ങൾ വളരെ കുറവാണ്. അസുഖത്തിൽ നിന്ന് പൂർണ്ണവിമോചനം കിട്ടുന്നു.

## സഹാഗണിലെ വിശുദ്ധ ജോൺ

---------------------------------------

സ്പെയിനിൽ ഏറ്റവും കൂടുതൽ അറിയപ്പെടുന്ന സുവിശേഷപ്രഘോഷകനാണ് സഹാഗണിലെ വിശുദ്ധ ജോൺ. നന്നേ ചെറുപ്പത്തിലേ ഭാവിയിലേ വിശുദ്ധനാകുന്നകതിന്റെ അടയാളങ്ങൾ ആ ജീവിതത്തിൽ പ്രകടമായിരുന്നു. പതിനാറ് വർഷത്തെ നിരന്തരമായ പ്രാർത്ഥനയുടെയും പ്രായശ്ചിത്ത പ്രവൃത്തികളുടെയും ഫലമായിട്ടാണ് മാതാപിതാക്കൾക്ക് വിശുദ്ധ ജോൺ ജനിച്ചത്. പിന്നീട് ആ മാതാപിതാക്കൾക്ക് വേറെയും മക്കൾ പിറന്നു. ബെനഡിക്ടൈൻസിന്റെ ആശ്രമത്തിലായിരുന്നു ജോണിന്റെ വിദ്യാഭ്യാസം. ആ സമയത്ത് കയ്യിൽ കിട്ടുന്നതെന്തും മറ്റുള്ളവർക്ക് ദാനം ചെയ്ത് പൂർണ്ണ ദാരിദ്ര്യത്തിലായിരുന്നു ജോൺ കഴിഞ്ഞുകൂടിയത്. എങ്കിലും തന്റെ വസ്ത്രത്തിന്റെ പാതി ഒരു ദരിദ്രന് നല്കിയ ദിനമാണ് തന്റെ മാനസാന്തരം പൂർണ്ണമായി സംഭവിച്ചതെന്ന് ജോൺ അറിഞ്ഞു. അന്നേ ദിവസം ദൈവസ്നേഹത്താൽ തന്റെ ഹൃദയം ജ്വലിക്കുന്നത് ജോൺ അറിഞ്ഞു. ബിഷപ്പിന്റെ അനുവാദത്തോടെ സലമാൻസായിലായിരുന്നു ജോണിന്റെ തിയോളജി പഠനം. കൊച്ചച്ചനായിരുന്ന അവസരത്തിൽ തന്നെ അദ്ദേഹത്തെ വിശുദ്ധനായാണ് എല്ലാവരും പരിഗണിച്ചിരുന്നത്. സഭാത്മകജീവിതം നയിക്കുന്നവർക്ക് ഉത്തമമാതൃകയായിരുന്നു ജോൺ. കോൺവെന്റിന്റെ പ്രിയോരായും നോവീസ് മാസ്റ്ററായും ജോൺ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. വിശുദ്ധ കുർബാനയുടെ ആരാധകനായിരുന്ന ജോൺ ഏറെ മണിക്കൂർ ചെലവഴിച്ചാണ് ബലി അർപ്പിച്ചിരുന്നത്. ഇത് മറ്റു വൈദികർക്ക് പരാതിക്കിടയാക്കി. തന്മൂലം അധികാരികൾക്ക് അദ്ദേഹത്തെ ഇതിൽ നിന്ന് വിലക്കേണ്ടിവന്നു. വ്യക്തിപരമായ അദ്ദേഹത്തിന്റെ വിശുദ്ധി സുവിശേഷപ്രഘോഷണത്തിലാണ് വ്യക്തമായി കണ്ടത്. അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കുന്നതിനും പ്രശ്നങ്ങൾക്ക് തീർപ്പുകല്പിക്കുന്നതിലും ജോണിന് സവിശേഷമായ സിദ്ധിയുണ്ടായിരുന്നു. തന്മൂലം ഒരു പ്രഭുവിന്റെ അപ്രീതിക്ക് ജോൺ വിധേയനായി. അദ്ദേഹത്തെ വധിക്കാൻ രണ്ട് പേരെ അയാൾ അയച്ചു. എന്നാൽ ആ കൊലയാളികൾക്ക് ലക്ഷ്യം നിറവേറ്റനായില്ല. ജോണിന്റെ വിശുദ്ധി അവരുടെ ഹൃദയങ്ങളെ കീഴടക്കിയതായിരുന്നു കാരണം. അവർ ജോണിനോട് മാപ്പപേക്ഷിച്ചു. പിന്നീട് ആ പ്രഭു രോഗബാധികനാകുകയും ജോണിന്റെ പ്രാർത്ഥന വഴി സുഖം പ്രാപിക്കുകയും ചെയ്തു. വിശുദ്ധിക്ക് എതിരായ എല്ലാ തിന്മകളെയും ജോൺ ശക്തിയുക്തം എതിർത്തു. ഈ എതിർപ്പാണ് അദ്ദേഹത്തിന്റെ മരണത്തിന് ഇടയാക്കിയതും. മാന്യമായ കുടുംബത്തിൽ ജനിച്ചുവെങ്കിലും പാപകരമായ ജീവിതം നയിച്ച ഒരു സ്ത്രീക്ക് ജോൺ ശത്രുവായിരുന്നു. കാരണം അവരുടെ പാപത്തിന്റെ പങ്കാളി ജോണിന്റെ പ്രബോധമനുസരിച്ച് മാനസാന്തരപ്പെട്ടിരുന്നു. ഇതിൽ ദേഷ്യം പൂണ്ട ആ സ്ത്രീ മരുന്നെന്ന വ്യാജേന കൊടും വിഷം നല്കി ജോണിനെ കൊലപ്പെടുത്തുകയായിരുന്നു. നിരവധി മാസങ്ങളോളം കഠിന വേദന സഹിച്ച് ജോണിന് കഴിയേണ്ടിവന്നു. എങ്കിലും അവയെല്ലാം സന്തോഷത്തോടെ ജോൺ ഏറ്റുവാങ്ങി. സഹനങ്ങളെ സ്നേഹപൂർവ്വം സ്വീകരിച്ച ജോണിന്റെ മരണം ഒരു രക്തസാക്ഷിത്വമായാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നത്. 1479 ജൂൺ 11ന് സ്വർഗ്ഗത്തിലേക്ക് ജോൺ യാത്രയായി. അലക്സാണ്ടർ എട്ടാമൻ മാർപാപ്പ 1690 ൽ ജോണിനെ വിശുദ്ധനായി പ്രഖ്യാപിച്ചു.

## ചരിത്രത്തിൽ ഇടപെടുന്ന ദൈവം

സീയോനിൽ നിന്ന് ഗർജ്ജിക്കുന്ന കർത്താവിന്റെ ശബ്ദമാണ് (ആമോസ് 1,2) സാമൂഹ്യനീതിയുടെ പ്രവാചകൻ എന്നറിയപ്പെടുന്ന ആമോസിന്റെ വാക്കുകളിൽ നമ്മൾ ശ്രവിക്കുന്നത്. ബി.സി.ഏഴാം നൂറ്റണ്ടിൽ വടക്കേ ഇസ്രായേലിൽ പ്രാവാചകദൗത്യം നടത്തിയ ആമോസ് ഇസ്രായേൽക്കാർക്ക് ഇടയിൽ നിലനിന്നിരുന്ന അനീതി നിറഞ്ഞ സാമൂഹ്യ സംവിധാനങ്ങൾക്കെതിരെയായി മാത്രമല്ല (ആമോസ് 2, 4-16:4,1-31:5,10 -17: 8,4-10) വിജാതീയ രാഷ്ട്രങ്ങൾക്കെതിരായും (ആമോസ് 1,3-2,3) ശബ്ദമുയർത്തുന്നുണ്ട്. ദൈവത്തിന്റെ വക്താക്കളെന്ന നിലയിൽ പ്രവാചകന്മാർ സംസാരിക്കുന്നത് സ്വന്തം ജനത്തോട് മാത്രമല്ല; എല്ലാ ജന വിഭാഗങ്ങളോടും വചനം അറിയിക്കാനാണ് അവർ അയ്ക്കപ്പെട്ടിരിക്കുന്നത്(ജെറ 1,5).

ഇസ്രായേലിന്റെ അപചയത്തെപറ്റി അവരെ കുറ്റപ്പെടുത്തുന്ന ആമോസ്. അത് ചെയ്യുന്നത് സീനായ് ഉടമ്പടി വഴിയായി ദൈവവുമായി ജനം ചെയ്ത ഉടമ്പടി ലംഘിച്ചതിന്റെ പേരിലാണ്. യഹോവയുമായി അങ്ങനെയുള്ള ഉടമ്പടി ബന്ധങ്ങൾ ഇല്ലാതിരുന്നിട്ടും വിജാതീയ രാഷ്ട്രങ്ങളും അവരുടെ രാജാക്കൻമാരും നേതാക്കൻമാരും ദൈവത്തിന്റെ ക്രോധത്തിനു ഇടയാക്കുത്, മനുഷ്യരെന്നനിലയിൽ എല്ലാവരും അംഗീകരിക്കേണ്ട അടിസ്ഥാനപരമായ മൂല്യങ്ങൾ ലംഘിക്കപ്പെട്ടതിന്റെ പേരിലാണ്. സ്വഭാവികനിയമം എന്നു വിളിക്കാവുന്ന ജീവിത പ്രമാണങ്ങളുടെ ലംഘനമാണ് വിജാതീയരാജ്യങ്ങളിൽ നടന്നിരുന്നത്. ആധുനിക ശൈലിയിൽ പറഞ്ഞാൽ അത് മനുഷ്യാവകാശങ്ങളുടെ ലംഘനമായിരുന്നു.

ഇസ്രായേലിന്റെ അയൽക്കാരായിരുന്ന ആറു രാജ്യങ്ങൾക്കെതിരെയായിട്ടാണ് ദൈവം, ആമോസു വഴി കുറ്റരോപണവും വിധി പ്രസ്താവനയും നടത്തുന്നത്. അറമായരുടെ പട്ടണമായിരുന്ന ഡമാസ്കസിന്റെ കുറ്റം, അയൽ രാജ്യമായിരുന്ന ഗിലിയാധിനെ തോൽപിച്ച് ക്രൂരമായി അവരോട് പെരുമാറി എന്നതാണ് ഗിലിയാദിനെ ഇരുമ്പുമെതി വണ്ടി കൊണ്ടുമെതിച്ചു. (1,3). യുദ്ധത്തിൻ തോൽപിക്കപ്പെട്ടവരെ പീഡിപ്പിച്ചതും, അവരുടെ പ്രദേശങ്ങളെ നശിപ്പിച്ചതുമാകാം ആമോസ് ഇവിടെ ഉദ്ദേശിക്കുന്നത്: മതത്തെ മനുഷ്യൻ ചൂഷണം ചെയ്യുന്നതും പീഡിപ്പിക്കുന്നതും ദൈവം ക്ഷമിക്കുകയില്ല. ഫിലിസ്ത്യരുടെ പട്ടണമായ ഗാസായ്ക്ക് എതിരെ നടത്തുന്ന കുറ്റാരോപണം, അവർ ഒരു ജനത്തെ മുഴുവൻ അടിമകളാക്കി ഏദോമിനു വിറ്റു എന്നതാണ് (1,6). മനുഷ്യനെ വില്പനച്ചരക്കാക്കി വില വാങ്ങുന്ന അവജ്ഞയാണത്. ഫിനീഷ്യൻ പട്ടണമായ ടയറിനെതിരായും ഇതിനുതുല്യമായ കുറ്റാരോപണമാണുള്ളത് (1,9). ഏദോംകാർക്ക് കീഴടക്കിയ ജനതയെ ഏല്പിച്ചു കൊടുത്തതാണ് അവരുടെ കുറ്റം.

ഏദോംകാർ ചെയ്തതെറ്റ് അവർ സഹോദരന്മാരോട് കരുണ കാണിച്ചില്ല. (1,11) എന്നുള്ളതാണ്. ആമ്മോൻകാർ ചെയ്തതെറ്റാണ് കൂടുതൽ അപലപനീയം അവർ അയൽ രാജ്യമായ ഗിലയാദിനെ തോല്പിച്ച് അവിടെയുണ്ടായിരുന്ന ഗർഭിണികളുടെ വയറ് പിളർന്ന് കളയുകയുണ്ടായി. അടുത്ത തലമുറയെകൂടെ നശിപ്പിക്കുന്നതാണ് ഈ പ്രക്രിയ. മൊവാഖ്യകാരുടെ തെറ്റാകട്ടെ അവർ ഏദോം രാജാവിന്റെ അസ്ഥികൾ ചുട്ട് ചുണ്ണാമ്പാക്കിതീർത്തു എന്നുള്ളതാണ്. മരിച്ചുപോയ ഒരു വ്യക്തിയോടു ചെയ്യപ്പെടുന്ന വലിയ ക്രൂരതയാണിത്.

മുകളിൽപ്പറഞ്ഞ ആറുരാജ്യങ്ങളുടെയുംമേൽ അഗ്നി അയ്ക്കണം എന്നതാണ് കർത്താവു പറയുന്നത്. സർവ്വതിനെയും ചാമ്പലാക്കാൻ കഴിവുള്ള അഗ്നി നാശത്തിന്റെയും ശുദ്ധീകരണത്തിന്റെയും പ്രതീകമാണ്. ഇവർ അഭിമാനം കൊള്ളുന്ന കോട്ടകൊത്തളങ്ങളും ശക്തി കേന്ദ്രങ്ങളുമെല്ലാം തകർക്കപ്പെടും; കാരണം ദൈവമായ കർത്താവ് പീഡിതരുടെ പക്ഷക്കാരനാണ്. നിസ്സഹായരുടെ രക്ഷയ്ക്കായ് കടന്നു വരുന്നവനാണ് അവിടുന്ന്.

**"Jagratha News"** – An internet news service is free and for private circulatio
**Web:** www.kcbcsocialharmony.org **Blog:** jagrathakcbc.blogspot.com
**Designed and Edited by** , Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA